## കാറ്റഗറി നമ്പർ : 503/2023
## പാർട്ട് I (നേരിട്ടുള്ള നിയമനം)

താഴെപ്പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി 'ഒറ്റതവണ രജിസ്ട്രേഷൻ' പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

1. **വകുപ്പ്** : വിവിധം

2. **ഉദ്യോഗപ്പേര്** : ക്ലാർക്ക്

<u>കുറിപ്പ് :-</u> റവന്യൂ വകുപ്പിലെ സംയോജിത തസ്തികയായ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് ഇതിൽപ്പെടും.

3. **ശമ്പള നിരക്ക്** : : ₹ 26500-60700/-

4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

(1) തിരുവനന്തപുരം
(2) കൊല്ലം
(3) പത്തനംതിട്ട
(4) ആലപ്പുഴ
(5) കോട്ടയം
(6) ഇടുക്കി
(7) എറണാകുളം
(8) തൃശ്ശൂർ
(9) പാലക്കാട്
(10) മലപ്പുറം
(11) കോഴിക്കോട്
(12) വയനാട്
(13) കണ്ണൂർ
(14) കാസറഗോഡ്

} പ്രതീക്ഷിത ഒഴിവുകൾ

<u>കുറിപ്പ് :</u>

(i) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ഈ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലായെങ്കിൽ ,ഈ ലിസ്റ്റിന്റെ കാലാവധി ഒരു വർഷമോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ

ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ii) ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ 25/08/2020 തീയതിയിലെ G.O(P)No.19/2020/SJD, 28/10/2022 തീയതിയിലെ G.O(P)No.07/2022/SJD എന്നീ സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിരിക്കും പ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

ലിങ്ക് :

https://www.keralapsc.gov.in/sites/default/files/inline-files/g_o__p__7_2022_sjd_dtd_28_10_2022.pdf

(iii) നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും അപേക്ഷിക്കുന്നവർ ഈ രണ്ട് വിഭാഗത്തിലേയ്ക്കുള്ള അപേക്ഷകൾക്ക് ഒരേ ജില്ല തന്നെ തിരഞ്ഞെടുക്കണമെന്നില്ല. എന്നാൽ ഒരേ ജില്ലയിലേക്കോ വ്യത്യസ്ത ജില്ലകളിലേക്കോ ഇപ്രകാരം അപേക്ഷ അയയ്ക്കുന്നവർ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അപേക്ഷകൾ അയയ്ക്കേണ്ടതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഏതെങ്കിലും ജില്ലയിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ വീണ്ടും തസ്തികമാറ്റം വഴിയുള്ള എൽ.ഡി.ക്ലാർക്ക് തസ്തികയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല. നേരിട്ടുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള പൊതു ഉദ്യോഗാർത്ഥികളെ, അവർക്ക് ഏതെങ്കിലും ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശ ലഭിച്ചാൽ മറ്റേ റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്. (KPSC Rules of Procedure Rule 18 (iv))

(iv) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ നിന്നും റവന്യൂ വകുപ്പിലെ സംയോജിത തസ്തികയായ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവർ നേരത്തെ ചെയിൻ സർവ്വെ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്തവരാണെങ്കിൽ അവരെ ഡിപ്പാർട്ട് മെന്റിൽ നിന്നും സർവ്വേ ട്രെയിനിംഗിന് അയയ്ക്കുന്നതാണ്.

(v) ഈ തസ്തികയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് എസ്.എസ്.എൽ.സി. നിലവാരത്തിലുള്ള ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും.

(vi) കേരള സ്റ്റേറ്റ് ആർക്കൈവ്സിൽ ക്ലാർക്കായി നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ സമ്മതപത്രം നൽകേണ്ടതാണ്. അവർ മുറ അനുസരിച്ച് മറ്റ് വകുപ്പുകളിലേയ്ക്കും നിയമനത്തിന് അർഹതയുള്ളവരായിരിക്കും. എന്നാൽ ഒരാളുടെ മുറ വരുന്നതനുസരിച്ച് സ്റ്റേറ്റ് ആർക്കൈവ്സിൽ ഒരിക്കൽ നിയമനത്തിന് ശിപാർശ ചെയ്തു കഴിഞ്ഞാൽ പിന്നെ മറ്റേതെങ്കിലും വകുപ്പുകളിലേയ്ക്കുള്ള നിയമനത്തിന് അയാളെ പരിഗണിക്കുന്നതല്ല. സ്റ്റേറ്റ് ആർക്കൈവ്സിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിക്കപ്പെട്ട് കഴിഞ്ഞാൽ ഒരോരുത്തർക്കും നിശ്ചിത പ്രൊബേഷൻ കാലത്ത് സർക്കാർ നിശ്ചയിക്കുന്ന ഓൾഡ് സ്ക്രിപ് റ്റിലുള്ള ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

(vii) പരീക്ഷ ഓരോ ജില്ലയിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. (പരീക്ഷാ കേന്ദ്രങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്). ഏതു പരീക്ഷാ കേന്ദ്രം നിർദേശിച്ചാലും ഉദ്യോഗാർത്ഥികൾ അവിടെ പരീക്ഷയ്ക്കിരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ ആയതിനാൽ ഏതു ജില്ലയിലേയ്ക്കാണോ അപേക്ഷിച്ചിട്ടുള്ളത് ആ ജില്ലയ്ക്ക് വേണ്ടിയുള്ള പരീക്ഷാ കേന്ദ്രത്തിൽ മാത്രമേ അപേക്ഷകരെ പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കുകയുള്ളൂ. ഉദ്യോഗാർത്ഥികൾ പരീക്ഷാ തീയതിയിൽ 1.30 pm നോ അതിനു മുൻപോയോ പരീക്ഷാകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. അല്ലാത്തപക്ഷം ഉദ്യോഗാർത്ഥികളെ പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.

(viii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി.ഒ. (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷക്കാലത്തിനു ശേഷം മറ്റേതെങ്കിലും ജില്ലകളിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991 ലെ ജി.ഒ.(പി) നം.36/91/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും അന്തർ വകുപ്പ് സ്ഥലം മാറ്റങ്ങളുടെ

കാര്യത്തിൽ 06.02.2013 ലെ ജി.ഒ.(പി) നം.5/2013/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി.ഒ.(പി) 12/96/പി.ആന്റ്എ. ആർ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽ പ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു അപേക്ഷിക്കുവാൻ പാടുള്ളതല്ല.

(ix) ഈ ലിസ്റ്റിൽ നിന്നും ആസ്ഥാന കാര്യാലയ ഒഴിവുകളിലേക്കും നിയമന ശിപാർശ നടത്തുന്നതാണ്. 27.05.1971 ലെ ജി.ഒ.(എം.എസ്.) 154/71/പി.ഡി.യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേയ്ക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്. അപ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 26/09/1980 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.442/80/പൊ.ഭ.വ അനുസരിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കും.

5. **നിയമനരീതി : നേരിട്ടുള്ള നിയമനം**

**6. യോഗ്യത : എസ്.എസ്.എൽ.സി യോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ വിജയിച്ചിരിക്കണം.**

1 KS&SSR Part II Rule 10(a)(ii) ബാധകമാണ്.

2 ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും , സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

7. പ്രായ പരിധി

: **18 – 36.** ഉദ്യോഗാർത്ഥികൾ 02.01.1987 നും 01.01.2005 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. (പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്കും, നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും).

യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് (എല്ലാ ഇളവുകളും ഉൾപ്പെടെ) കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) കാണുക.

കുറിപ്പ് : സെക്രട്ടേറിയറ്റ് ,കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നീ ഓഫീസുകൾ ഉൾപ്പടെയുള്ള വിവിധ വകുപ്പുകളിൽ ജോലി നോക്കുന്നവരും എസ്.എസ്.എൽ.സി ജയിച്ചവരുമായ ടൈപ്പിസ്റ്റുകൾക്ക് അപേക്ഷ തീയതിയിൽ മൊത്തം നാല് വർഷത്തിൽ കുറയാത്ത സർവ്വീസുള്ള പക്ഷം ഈ വിജ്ഞാപന പ്രകാരം ക്ലാർക്ക് ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്. അവർക്ക് പരമാവധി പ്രായപരിധി 40 (നാൽപ്പത്) വയസ്സ് (02/01/1983 നും അതിന് ശേഷവും ജനിച്ചവരായിരിക്കണം) ആയിരിക്കുന്നതാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് മൂന്ന് വർഷവും പട്ടികജാതി /പട്ടിക വർഗ്ഗക്കാർക്ക് അഞ്ച്

വർഷവും പരമാവധി പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഈ വിഭാഗത്തിൽ പെട്ടവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ബന്ധപ്പെട്ട ഓഫീസ് /വകുപ്പ് മേധാവിയിൽ നിന്നും തങ്ങൾ ഏതു സർവ്വീസിൽ ഉള്ളവരാണെന്നും എന്ത് മാത്രം സർവ്വീസ് ദൈർഘ്യം ഉണ്ടെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

**8.അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റിന്റെ വിലാസം :- www.keralapsc.gov.in**

**9. അപേക്ഷ സമർപ്പിക്കേണ്ട രീതി :-**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ **`Apply Now'** ൽ മാത്രം click ചെയ്യേണ്ടതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ 31.12.2013-ന് ശേഷം എടുത്തതായിരിക്കണം. എന്നാൽ **01.01.2023 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ സോഫ്റ്റ് കോപ്പി/പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My Applications' എന്ന് ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റൗട്ട് കൂടി സമർപ്പിക്കേണ്ടതാണ്.**തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത , പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**10.അപേക്ഷകൾ സമർപ്പിക്കുന്ന അവസാന തീയതി . 03.01.2024** ബുധനാഴ്ച അർദ്ധ രാത്രി 12 മണി വരെ.

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ /ഓൺ ലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നല്കാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയിതിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**12. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(I) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം, എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**(ii)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾകൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**(iii)** വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യൂർ (1976)

റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ, ഒരു നിശ്ചിത കാലത്തേക്കോ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ എഴുത്തുപരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ അവരുടെ മേൽ നിയമ നടപടികളെടുക്കുകയോ അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നോക്കുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ